# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2638

12.02.2019-ൽ മറുപടിയ്ക്ക്.

### വന്യമൃഗാക്രമണത്തിൽ പരിക്കേറ്റവർക്ക് സഹായം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.സി.ജോസഫ് | അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |

(എ) വന്യമൃഗ ആക്രമണം മൂലം 2017-18 ലും 2018-19 ൽ നാളിതുവരെയും മരണമടഞ്ഞവരുടെയും പരിക്കേറ്റവരുടെയുംഎണ്ണം വെളിപ്പെടുത്തുമോ;

(എ) വന്യമൃഗാക്രമണം മൂലം 2017-18 ലും, 2018-19 ൽ നാളിതുവരെയും മരണമടഞ്ഞവരുടെയും പരിക്കേറ്റവരുടെയും (പാമ്പുകടി ഉൾപ്പടെ) എണ്ണം ചുവടെ ചേർക്കുന്നു.

| | 2017-18 | 2018-19 (06.02.2019 വരെ) |
| --- | --- | --- |
| <u>മരണപ്പെട്ടവർ</u> | | |
| പാമ്പുകടിയേറ്റ് | 102 | 66 |
| വന്യമൃഗ ആക്രമണം മൂലം | 34 | 31 |
| പരിക്കേറ്റവർ | 849 | 852 |

(ബി) വന്യമൃഗാക്രമണത്തിൽ പരിക്കേറ്റാൽ എന്തെല്ലാം സഹായമാണ് നൽകുന്നതെന്നും പ്രസ്തുത കാലയളവിൽ എത്ര പേർക്ക് സഹായം നൽകി എന്നും ഇനി എത്ര പേർക്ക് സഹായം നൽകാൻ അവശേഷിക്കുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) 05.04.2018 ലെ സർക്കാർ ഉത്തരവ് (കൈ) നം. 17/2018/വനം പ്രകാരം വന്യമൃഗാക്രമണത്തിൽ പരിക്കേൽ ക്കുന്നവർ ക്ക് 1 ലക്ഷം രൂപ (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ പട്ടിക വർഗ്ഗക്കാർക്ക് പരിധിയില്ലാതെ ചെലവായ മുഴുവൻ തുകയും) നഷ്ടപരിഹാരമായി നൽകി വരുന്നു. പ്രസ്തുത കാലയളവിൽ 1 2 7 2 പേർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. 429 പേർക്ക് നഷ്ടപരിഹാരം നൽകുവാൻ അവശേഷിക്കുന്നുണ്ട്.

(സി) കാട്ടാനയുടെ ആക്രമണം മൂലം ഗുരുതരമായി പരിക്കേറ്റ പയ്യാവൂർ പഞ്ചായത്തിലെ പാടാൻകവലയിലെ റോസമ്മയ്ക്ക് ഇതിനോടകം എന്തു സഹായം നൽകിയെന്ന് വെളിപ്പെടുത്തുമോ?

(സി) പയ്യാവൂർ പഞ്ചായത്തിലെ പാടാൻകവലയിലെ ശ്രീമതി. റോസമ്മയ്ക്ക് പരിക്കേറ്റത് കാട്ടാനയുടെ ആക്രമണം മൂലം അല്ല.

കാട്ടുപന്നിയുടെ ആക്രമണംമൂലം പരിക്കേറ്റ ശ്രീമതി. റോസമ്മയ്ക്ക് ചികിൽസയ്ക്ക് മുൻകൂർ തുകയായി 80,000/- രൂപ ധന സഹായം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ